# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നം.494

23.03.2018-ൽ മറുപടിയ്ക്ക്

## കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.അൻവർ സാദത്ത്
ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും സാംസ്കാരിക വകുപ്പ് വഹിക്കുന്ന പങ്ക് വിശദമാക്കുമോ ;

(എ) കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും സാംസ്കാരിക വകുപ്പ് വളരെ വലിയ ഇടപെടൽ നടത്തുന്നുണ്ട്. നവോത്ഥാന മൂല്യങ്ങൾ പരിരക്ഷിക്കുവാനും, ബഹുസ്വരതയിൽ അധിഷ്ഠിതമായ അഭിപ്രായ സ്വാതന്ത്ര്യവും, ആവിഷ്കാര സ്വാതന്ത്ര്യവും നിലനിൽക്കുന്ന സമത്വ ഭാവനയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥയുടെ സൃഷ്ടിക്കും കേരള സംസ്കാരത്തിന്റെ പരിപോഷണത്തിനും ഉതകുന്ന ശ്രമങ്ങളാണ് സാംസ്കാരിക വകുപ്പ് നടത്തികൊണ്ടിരിക്കുന്നത്. ആവിഷ്കാരത്തിനുള്ള പൊതു ഇടങ്ങൾ വളർത്തിക്കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. വകുപ്പിന് കീഴിലെ സാംസ്കാരിക സ്ഥാപനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, മത്സ്യത്തൊഴിലാളികൾ, ആദിവാസി തുടങ്ങി സമസ്ത മേഖലകളിലേയ്ക്കും ഇറങ്ങിച്ചെന്ന് ചർച്ചകളും സെമിനാറുകളും, സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുകയും മൂല്യവത്തായ കൃതികൾ പ്രസിദ്ധീകരിക്കുകയും ഭാഷാ പഠനത്തിന് ഊന്നൽ നൽകുകയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നത്. നമ്മുടെ പുതുതലമുറയ്ക്ക് തനത് കലാരൂപങ്ങളിൽ ആഭിമുഖ്യം ജനിപ്പിയ്ക്കാനും നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആയിരം യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് അനുവദിക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത യുവകലാകാരന്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാമൂഹിക കേന്ദ്രങ്ങളിലും സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലും വിന്യസിച്ച് കലാവിഷയങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും

കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ നാട്ടരങ്ങ് എന്ന പുതിയ പദ്ധതി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്തെ ചരിത്ര മുഹൂർത്തങ്ങളുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി, ശ്രീനാരായണ ഗുരുദേവന്റെ നമുക്ക് ജാതിയില്ല വിളംബരം, സഹോദരൻ അയ്യപ്പന്റെ മിശ്രഭോജന പ്രസ്ഥാനം എന്നിവയുടെ 100-ാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം എന്നിവ, സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രചരണ പരിപാടികളാണ്.

കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും രാജ്യത്ത് തന്നെ ഇദംപ്രഥമമായി ജില്ലകൾ തോറും ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വിപുലമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്ന സമുച്ചയങ്ങൾ സംസ്ഥാനത്തിന്റെ സാംസ്കാരിക രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് ഇടയാക്കുന്നതാണ്. കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കലാ-സാംസ്കാരിക സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് ഏകോപനവും സമന്വയവും ഉറപ്പാക്കാനായി ഒരു ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.

| | |
|---|---|
| (ബി) ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകന്മാരുടെ പേരിൽ കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര സ്ഥാപനങ്ങളുടെ പണി പൂർത്തിയായി; | (ബി) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന ഏതാണ്ട് 5 ഏക്കർ സ്ഥലത്ത് സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിൽ സ്ഥല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയാക്കി ടെണ്ടർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

| | |
|---|---|
| (സി) കിഫ്ബിയിൽ നിന്നും (സി) ഇക്കാര്യത്തിനായി എന്ത് ഫണ്ട് അനുവദിച്ചുവെന്നും എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | കിഫ്ബിയിൽ (KIIFB) നിന്നും, ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കൽ ആണ് നിശ്ചയിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2,65,00,000/-രൂപ (രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷം രൂപ) സെൻ്റേജ് ചാർജ്ജായി കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.എഫ്.ഡി.സി) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെൻ്റേജ് ചാർജ്ജായി അനുവദിച്ച തുകയിൽ നിന്നും ഡി.പി.ആർ തയ്യാറാക്കൽ, പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചിലവ് നിർവ്വഹിക്കുന്നതാണ്. ടെണ്ടർ ചെയ്യുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതും പദ്ധതിയ്ക്കാവശ്യമായ തുക കിഫ്ബിയിൽ നിന്നും ലഭ്യമാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ